

THURSDAY 29/05/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/05/2025

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര കാർഷിക കോളേജിലെ പുഷ്പ-കൃഷി വിഭാഗത്തിൽ ഓണവിപണി ലക്ഷ്യമാക്കി ചെണ്ടുമല്ലി (ഹൈബ്രിഡ്), വാടാർമല്ലി എന്നിവയുടെ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. താല്പര്യമുള്ളവർ 05/06/2025 ന് മുന്പായി 8547254010, 9544328816 എന്ന നമ്പറിൽ (9 മണിക്കും 4 മണിക്കും ഇടയിൽ) ബന്ധപ്പെടുക.

2. വെള്ളാനിക്കര കേരള കാർഷികസർവകലാശാലയുടെ കീഴിലുള്ള വനശാസ്ത്ര കോളേജിൽ വൃക്ഷത്തൈ നേഴ്സറിയിൽ നല്ലയിനം മട്ടി (പൊങ്ങല്യം, തീപ്പെട്ടി മരം, പെരുമരം) തൈകൾ വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. ഓർഡർ പ്രകാരം അയച്ച് കൊടുക്കുന്ന സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ നേഴ്സറിയിൽ എത്തി നേരിട്ടോ, ക്യു-ആർ കോഡ് സ്കാൻ വഴിയോ പണമടച്ച് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 8547734401 & 9847602333 നമ്പറിൽ (10 മണിക്കും 4 മണിക്കും ഇടയിൽ) ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കര, മണ്ണുത്തി ക്യാമ്പസുകളിൽ 2025-2026 അധ്യയനവർഷം താഴെ പറയുന്ന പ്രോഗ്രാമുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ബി.എസ്.സി.-എം.എസ്.സി. ഇന്റെഗ്രേറ്റഡ് ബയോളജി, ബി.എസ്.സി.-എം.എസ്.സി. ഇൻഗ്രേറ്റഡ് മൈക്രോബയോളജി, ഡിപ്ലോമ ഇൻ റീറ്റെയിൽ മാനേജ്മെന്റ്, ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കനൈസേഷൻ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തിയതി 31.05.2025.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പറിൽ ഓഫീസ് സമയത്ത് (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

4. ഫിഷറീസ് വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസ് മുഖേന നടപ്പിലാക്കുന്ന ജനകീയമത്സ്യകൃഷിയുടെ ഭാഗമായുള്ള വിവിധ മത്സ്യകൃഷി ഘടകപദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക്ക്, കൂട് കൃഷി, പടുതാകുളത്തിലെ മത്സ്യകൃഷി, ഓരു ജലാശയത്തിലെ കൃഷി, എംബാങ്ക്മെന്റ് മത്സ്യകൃഷി എന്നിവയാണ് ഘടക പദ്ധതികൾ. താത്പര്യമുള്ളവർ മെയ് 31നകം അപേക്ഷകൾ ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസിലോ, ജില്ലാ മത്സ്യഭവൻ, മണക്കാട് പി.ഒ, കമലേശ്വരം ഓഫീസിലോ സമർപ്പിക്കണം. ഫോൺ: 0471-2450773, 0471-2464076.

5. അമ്പലവയൽ വടുവഞ്ചാൽ റോഡിൽ സ്ട്രണതിചെയ്യുന്ന വയനാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളും സംരംഭകത്വ സാധ്യതകളും" എന്ന വിഷയത്തിൽ സൗജന്യപരിശീലനം സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവർ 31.05.2025 ന് മുൻപായി 8590543454 എന്ന നമ്പറിൽ പേര്, ഫോൺ നമ്പർ എന്നിവ സഹിതം വാട്സപ്പ് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. റബ്ബർബോർഡിന്റെ കേന്ദ്രഓഫീസിൽ മാർക്കറ്റ് ഇന്റലിജൻസ് ഡിവിഷനിൽ 'ട്രെയിൻഡ് കമ്പ്യൂട്ടർ ട്രെയിനി'യെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. അപേക്ഷകർക്ക് സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യുക്കേഷനിൽ നിന്ന് കമ്പ്യൂട്ടർ എൻജിനീയറിങ്ങിലോ കമ്പ്യൂട്ടർ സയൻസിലോ മൂന്നുവർഷത്തെ റെഗുലർ ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം. അവർ ഒരു ഗവൺമെന്റ് സ്ഥാപനത്തിൽ നിന്ന് ഒരു വർഷത്തെ എൻ.എ.റ്റി.എസ്(NATS) അപ്രന്റിസ്ഷിപ്പ് പൂർത്തിയാക്കിയവരും ആയിരിക്കണം. അപേക്ഷകർക്ക് 2025 മെയ് -

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

01 ന് 28 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ കോട്ടയത്തെ കേന്ദ്ര ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റ് ഇന്റലിജൻസ് ഡിവിഷൻ) മുമ്പാകെ 2025 ജൂൺ രണ്ട് രാവിലെ 11 മണിക്ക് നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച അപേക്ഷയ്ക്കൊപ്പം വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

7. കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ നടീൽവസ്തുക്കളുടെ ഉത്പാദനം, വിവിധ റബ്ബറിനങ്ങളുടെ പ്രത്യേകതകൾ എന്നിവയിൽ 2025 മെയ് 29-ന് രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.